# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.685 03.11.2016-ൽ മറുപടിയ്ക്ക്**

**കുടിവെള്ള വിതരണ ശൃംഖല കാര്യക്ഷമമാക്കുന്നതിന് നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി. ഉണ്ണി.<br>,, എം .സ്വരാജ്<br>,, എം .മുകേഷ്<br>,, കാരാട്ട് റസാഖ് : | മാത്യു. ടി. തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| എ സംസ്ഥാനത്തെ കുടിവെള്ള വിതരണ ശൃംഖല കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | എ കുടിവെള്ള വിതരണ ശൃംഖല കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കാലപ്പഴക്കം ചെന്നതും തുടർച്ചയായി ചോർച്ചയുള്ളതുമായ പൈപ്പുകൾ മാറ്റി, പുതിയവ സ്ഥാപിക്കുന്ന പ്രവർത്തികളാണ് പ്രധാനമായും ഏറ്റെടുക്കുന്നത്. ഇത്തരം പ്രവർത്തികൾക്കായി KIIFB-ൽ ഉൾപ്പെടുത്തി 526 കോടി രൂപയും സ്റ്റേറ്റ് പ്ലാനിൽ 50 കോടി രൂപയും പ്രൊപ്പോസലുകൾ തയ്യാറാക്കിയിട്ടുണ്ട്. ഷൊർണ്ണൂർ, തിരുവല്ല-ചങ്ങനാശ്ശേരി, കൊല്ലം, കാസർഗോഡ്, പൊന്നാനി, കൊയിലാണ്ടി, തൊടുപുഴ, കോട്ടയം, തൃശ്ശൂർ, മട്ടന്നൂർ തുടങ്ങിയ 10 മുൻസിപ്പാലിറ്റികൾക്കും സമീപ പഞ്ചായത്തുകൾക്കും കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിനായി പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്ന് 735 കോടി രൂപ ബഡ്ജറ്റ് 2016-17-ൽ നീക്കി വച്ചിട്ടുണ്ട്. ഇതിനുപുറമെ കൊച്ചി സ്മാർട്ട് സിറ്റി 24X7 പദ്ധതിക്കായി 500 കോടി രൂപയും പുതുക്കിയ ബഡ്ജറ്റ് 2016-17-ൽ പ്രഖ്യാപിച്ചിട്ടുണ്ട്.<br>ഡിസ്ട്രിബ്യൂഷൻ ലൈനുകൾ ഇല്ലാത്തതുകൊണ്ട് മുടങ്ങി കിടക്കുന്ന കൊഴിഞ്ഞാംപാറ, ധർമ്മടം, കോട്ടയം ഗ്രാമപഞ്ചായത്ത് (കണ്ണൂർ), മാനന്തവാടി സമീപ പഞ്ചായത്തുകളും, തിരുമാലി, നെൻമാറ, കടമക്കുടി, വരാപ്പുഴ, പെരുനാട് തുടങ്ങിയ 9 പദ്ധതികൾക്കായി ബഡ്ജറ്റ് 2016-17-ൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി 162 കോടി രൂപ നീക്കി വച്ചിട്ടുണ്ട്. കുടിവെള്ള മേഖലയിൽ പുതിയ പദ്ധതികൾക്കായി ബഡ്ജറ്റ് 2016-17 ലെ മറുപടി പ്രസംഗത്തിൽ 90 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പിലാക്കുന്ന അമൃത് (എ.എം.ആർ.യു.റ്റി) പദ്ധതിയിൽ തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ കോർപ്പറേഷനുകളും ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് മുൻസിപ്പാലിറ്റികളെയും ഉൾപ്പെടുത്തി 2015-16-ൽ ജലവിതരണത്തിൽ 235.76 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിൽ, വിതരണ ശൃംഖല കാര്യക്ഷമമാക്കുന്നതിനുള്ള പദ്ധതികളും ഉൾപ്പെടുന്നു. വിതരണ ശൃംഖലയിലെ അറ്റകുറ്റപണികൾ യഥാസമയം നടത്തി ജലവിതരണം സുഗമമാക്കുന്നതിന് ബ്ലു ബ്രിഗേഡ് സംവിധാനം എല്ലാ പ്രധാന പദ്ധതികളിലും നടപ്പാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

ജലനിധി പദ്ധതി പ്രകാരം കടിവെള്ള വിതരണം നടപ്പിലാക്കുവാൻ വേണ്ടി തിരഞ്ഞെടുത്ത 115 പഞ്ചായത്തുകളിൽ കുടിവെള്ള വിതരണ പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. നെടുമ്പാശ്ശേരി യും സമീപ പഞ്ചായത്തുകളായ ചെങ്ങമനാട്, ശ്രീമൂലനഗരം, കാഞ്ഞൂർ എന്നീ പഞ്ചായയത്തുകളിലും, ചീക്കോട്ടും സമീപ പഞ്ചായത്തുകളായ കുഴിമന്ന, മുതുവല്ലൂർ, വാഴയൂർ, വഴക്കാട്, ചെറുകാവ്, പുളിക്കൽ എന്നീ പഞ്ചായത്തുകളിലും ആലിപ്പറമ്പ, നെന്മേനി എന്നീ പഞ്ചായത്തിലേയും വിതരണശൃംഖലകൾ പുതുതായി സ്ഥാപിച്ച് ഗാർഹിക കണക്ഷനുകൾ നൽകുന്നതിനായി പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്.

| | |
|---|---|
| ബി ഗാർഹിക കണക്ഷനുകളിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ; | ബി സംസ്ഥാനത്ത് നിലവിൽ 18.12 ലക്ഷം കണക്ഷനുകൾ ഉണ്ട്. 2015-16 കാലഘട്ടത്തിൽ മാത്രം 1,08,969 കണക്ഷനുകൾ നൽകിയിട്ടുണ്ട്. പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിലൂടെയും നിലവിലുള്ള പദ്ധതികളുടെ വിപുലീകരണത്തിലൂടെയും കൂടുതൽ സ്ഥലങ്ങളിൽ കുടിവെള്ളം എത്തുകയും അതുവഴി ഗാർഹിക കണക്ഷനുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ സാധിക്കുകയും ചെയ്യും. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ 10 ലക്ഷം കണക്ഷനുകൾ നൽകാനാണ് ലക്ഷ്യമിടുന്നത്. കണക്ഷൻ നൽകുന്നതിനുള്ള നടപടി ക്രമങ്ങളും ലഘൂകരിക്കുന്നതിനു നടപടി സ്വീകരിച്ച് വരുന്നു. |

| | | | |
|---|---|---|---|
| | | | ജലനിധി രണ്ടാംഘട്ട പദ്ധതി പ്രകാരം ലക്ഷ്യമിട്ട 2.58 ലക്ഷം ഗാർഹിക കണക്ഷനിൽ ഇതുവരെ 84,469 കണക്ഷനുകൾ പണി പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് നൽകി യിട്ടുണ്ട്. |
| സി | കൃഷിയ്ക്ക് ആവശ്യമായ ജലം കൂടുതൽ സ്ഥലത്ത് എത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിയ്ക്കുന്നത്; | സി | തടയണകളുടേയും, റഗുലേറ്ററുകളുടേയും നിർമ്മാണം, ചാലിയാർ ബേസിനിലെ തടയണകളുടെ നിർമ്മാണം, തലപ്പള്ളി പാക്കേജ് കാസർ ഗോഡ് പാക്കേജ് എന്നീ പദ്ധതികളിൽ ഉൾപ്പെട്ട പ്രവൃത്തികൾ, നബാർഡ് സഹായത്തോടെയുള്ള പദ്ധതികൾ, ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള ആർ.സി.ബി, വി.സി.ബി എന്നിവയുടെ നിർമ്മാണം, കേരളത്തിലെ കബനി, ഭവാനി ബേസിനുകളിലെ ചെറുകിട ജലസേചന പദ്ധതികൾ, ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി, ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ പുനരുദ്ധാരണം എന്നിവ കൂടുതൽ സ്ഥലത്ത് ജലസേചന സൗകര്യം ഏർപ്പെടുത്താനുദ്ദേശിച്ച് നടപ്പിലാക്കി വരികയാണ്. |
| ഡി | ഇതിനായി ഡ്രിപ് ഇറിഗേഷൻ പദ്ധതികൾ, ചാലുകളുടെ നവീകരണം തുടങ്ങിയവ ഊർജ്ജിതമായി നടപ്പാക്കുമോ? | ഡി | ഡ്രിപ്പ് ഇറിഗേഷൻ / മൈക്രോ ഇറിഗേഷൻ പദ്ധതികൾക്കാവശ്യമായി അടിസ്ഥാന സൗകര്യമായ ചെക്ക് ഡാമുകൾ മുതലായവ ജലസേചനവകുപ്പ് നിർമ്മിച്ച് നൽകുന്നുണ്ട്. ഇറിഗേഷൻ ചാലുകളുടെ വാർഷിക അറ്റകുറ്റ പണികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പിലാക്കി വരുന്നു. |

Renuka Sankar
സെക്ഷൻ ഓഫീസർ